## ചോദ്യോത്തരം
**മുജീബ്**

# ആശയപരമായി യോജിക്കാമെങ്കിൽ ഐക്യം?

■ *"സുന്നത്ത് ജമാഅത്തിന്റെ ആശയങ്ങളുമായി യോജിക്കാൻ തയാറുണ്ടെങ്കിൽ അത്തരക്കാരുമായി ഒന്നിച്ച് പ്രവർത്തിക്കുന്നതും ഐക്യപ്പെടുന്നതും സ്വാഗതം ചെയ്യുന്നുവെന്ന് കാന്തപുരം എ.പി അബൂബക്കർ മുസ്‌ലിയാർ. കാന്തപുരത്തിന് പക്ഷപാതപരമായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിച്ചുവെന്ന് ചില പത്രങ്ങൾ പ്രചരിപ്പിക്കുന്നുണ്ട്. എന്നാൽ തങ്ങളുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ കണ്ടാണ് സർക്കാർ സ്ഥാപനങ്ങൾ അനുവദിച്ചത്. ഇതിൽ അസൂയപ്പെട്ടിട്ട് കാര്യമൊന്നുമില്ല. ഖുർആൻ ആശയത്തെ വികലമാക്കിയ ജമാഅത്തെ ഇസ്‌ലാമിയുടെയും മുജാഹിദുകളുടെയും തനിനിറം എസ്.വൈ.എസ് ജില്ലാ സമ്മേളനത്തിൽ തുറന്നു കാണിക്കും" (മാധ്യമം 2008 ഏപ്രിലൽ 4). മുജീബിന്റെ പ്രതികരണം?*

***അനീസുദ്ദീൻ ചെറുകുളമ്പ്***
***മലപ്പുറം***

**അ**ന്ധവിശ്വാസങ്ങളെ വ്യാപാരവത്കരിച്ചും അനാചാരങ്ങളെ പുനർജീവിപ്പിച്ചും അങ്ങനെ സമാഹരിക്കുന്ന പണം വിഭാഗീയത വളർത്താൻ ഉപയോഗിച്ചും ഇതിനൊക്കെ അനുകൂലാന്തരീക്ഷം നിലനിർത്താൻ വോട്ട് ബാങ്ക് രാഷ്ട്രീയത്തിന്റെ ഉപകരണമായും വർത്തിക്കുന്നതാണ് സമകാലിക കേരളത്തിലെ സുന്നിസം. ഇസ്‌ലാമിന്റെയോ മുസ്‌ലിംകളുടെയോ ഉത്തമ താൽപര്യങ്ങളല്ല, സ്വന്തം സങ്കുചിത അജണ്ടയാണ് മത സംഘടനകളെയും പുരോഹിതന്മാരെയും നയിക്കുന്നത്. അവർ അവസരവാദപരമായി ഉയർത്തുന്ന ഐക്യാഹ്വാനങ്ങളിൽ ആത്മാർഥതയുടെ കണിക പോലും ഇല്ല. ഉണ്ടെങ്കിൽ മറ്റു പ്രസ്ഥാനങ്ങളും സംഘടനകളും തങ്ങളുടെ വ്യക്തിത്വവും ആദർശങ്ങളും കൈയൊഴിച്ച് തന്റെ കൂടെ വരുന്നതിന്റെ പേരാണ് ഐക്യം എന്ന ഭോഷ്ക് ആരും നിരന്തരം ഉരുവിടില്ലല്ലോ. അതിനാൽ ഇത്തരക്കാരെ പാട്ടിന് വിട്ട് ജനങ്ങൾ പൊതുനന്മക്കു വേണ്ടിയും പൊതുതാൽപര്യങ്ങൾക്കു വേണ്ടിയും സഹകരിക്കുകയാണ് സമുദായ ഐക്യത്തിന്റെ പ്രായോഗിക പാത. ഖുർആൻ ആശയത്തെ ആരാണ് വികലമാക്കിയതെന്ന് കണ്ടെത്താൻ ഇന്ന് പ്രയാസപ്പെടേണ്ട കാര്യമില്ല. വായിക്കുകയും ശ്രദ്ധിക്കുകയും മനസ്സിലാക്കുകയും ചെയ്യാൻ മാധ്യമങ്ങൾ സുലഭമാണ്.

## അപകടം തന്നെ; പക്ഷേ ആർക്ക്?

■ *"ജമാഅത്തെ ഇസ്‌ലാമിയെപ്പോലെ അപകടം പിടിച്ച ഒരു സാധനം ദുനിയാവിലില്ലെന്ന് ആര്യാടൻ പറഞ്ഞു. എന്നും കോൺഗ്രസ്സിനെ തോൽപിക്കാൻ വോട്ട് ചെയ്ത പാർട്ടിയാണ് ജമാഅത്തെ ഇസ്‌ലാമി. തെരഞ്ഞെടുപ്പിൽ അവരുടെ വോട്ട് വേണ്ടായെന്ന് പറയാനുള്ള ധൈര്യം തനിക്കുണ്ട്"- സുന്നി യുവജന സംഘം (കാന്തപുരം ഗ്രൂപ്പ്) മലപ്പുറത്ത് മതരാഷ്ട്രവാദത്തെ കുറിച്ച് നടത്തിയ സെമിനാറിൽ ആര്യാടൻ മുഹമ്മദിന്റെ പ്രസംഗത്തിൽനിന്ന് (മാധ്യമം ഏപ്രിൽ 12). ജമാഅത്ത് വിരോധം രക്തത്തിൽ അലിഞ്ഞു ചേർന്ന ആര്യാടന്റെ വെളിപാടിൽ വാസ്തവം ഉണ്ടോ?*

***സി.പി അൻവർ സാദാത്ത്***
***കരിപറമ്പ്***

ജമാഅത്തെ ഇസ്‌ലാമി നിശ്ചയമായും അപകടം പിടിച്ച സാധനം തന്നെയാണ്-അഴിമതിക്കാർക്കും അധർമകാരികൾക്കും അവസരവാദ രാഷ്ട്രീയക്കാർക്കും. സമാധാനപ്രിയരും ജനാധിപത്യ വിശ്വാസികളും ധാർമിക മൂല്യങ്ങളെ ആദരിക്കുന്നവരും പക്ഷേ, ഇസ്‌ലാമിക പ്രസ്ഥാനത്തെ ഭയപ്പെടേണ്ട കാര്യമില്ല. ആറു പതിറ്റാണ്ട് കാലത്തെ അനുഭവം അതിന് സാക്ഷ്യം നൽകുന്നു.

രണ്ടു തവണ ജമാഅത്തെ ഇസ്‌ലാമിയെ നിരോധിച്ചത് കേന്ദ്രത്തിലെ കോൺഗ്രസ് സർക്കാറുകളാണ്. എന്നിട്ടും മതനിരപേക്ഷ ജനാധിപത്യ വ്യവസ്ഥ നിലനിർത്താൻ ജമാഅത്ത് കോൺഗ്രസ്സുകാർക്ക് വോട്ട് നൽകി. ഇന്ത്യൻ നാഷനൽ കോൺഗ്രസ് എന്നാൽ നിലമ്പൂരിലെ ആര്യാടൻ മുഹമ്മദ് എന്നർഥമില്ലല്ലോ. ആയുഷ്കാലം മുഴുവൻ ഇസ്‌ലാമിനെയും ശരീഅത്തിനെയും സമുദായത്തെയും വെല്ലുവിളിച്ച, മദ്യതൊഴിലാളി നേതാവായി വിലസിയ ഒരു നേതാവിനെ പിന്തുണക്കാതിരുന്നതിൽ ജമാഅത്തെ ഇസ്‌ലാമിക്ക് നഷ്ടബോധമൊന്നും ഉണ്ടാവേണ്ട കാര്യമില്ല. അടിയന്തരാവസ്ഥയുടെ തണലിൽ, 1977 മാർച്ചിലെ പൊതുതെരഞ്ഞെടുപ്പ് വേളയിൽ പരാജയം മണത്തറിഞ്ഞ ഇന്ദിരാ ഗാന്ധി നിരോധിത ജമാഅത്തെ ഇസ്‌ലാമിയുടെ പിന്തുണതേടി ദൂതനെ വിട്ട സംഭവമൊന്നും ആര്യാടൻ ഓർക്കുന്നുണ്ടാവില്ല. നിരോധം പിൻവലിക്കാമെന്ന ഓഫർ സ്വീകരിക്കാതെ ജനാധിപത്യ കശാപ്പിനെതിരെ വോട്ടവകാശം വിനിയോഗിച്ച ജമാഅത്ത് എക്കാലത്തും ഈ നാട്ടിന് അനുഗ്രഹമാണ്, അപകടമല്ല.

## വിഭാഗീയതക്ക് ഉത്തരവാദികൾ

■ *"ഐക്യത്തോടെയും സാഹോദര്യത്തോടെയും കഴിഞ്ഞ കേരളീയ മുസ്‌ലിം സമുദായത്തിൽ വിഭാഗീതയും കുഴപ്പ*

ങ്ങളും പുനരേകീകരണത്തിന് തടസ്സവും സൃഷ്ടിക്കുന്നത് വഹാബീ പ്രസ്ഥാനമാണെന്ന് നജീബ് മൗലവി അഭിപ്രായപ്പെട്ടു. 'ശിർക്കാരോപണം അവസാനിപ്പിക്കുക' എന്ന കാമ്പയിന്റെ ഭാഗമായി മലപ്പുറം ബസ്സ്റ്റാന്റ് ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച ജില്ലാ കൺവെൻഷനിൽ മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. 1921-നു ശേഷം രംഗത്തുവന്ന വഹാബീ പ്രസ്ഥാനം സുന്നികൾക്കെതിരെ ഉന്നയിക്കുന്ന ശിർക്കാരോപണമാണ് ചരിത്രതയുണ്ടാക്കുന്നത്. സമുദായ ഐക്യമാണ് ഇന്നിന്റെ ആവശ്യമെന്നും ഇത് ആഗ്രഹിക്കുന്നവർ 'ആട്ടിൻതോലണിഞ്ഞ ചെന്നായ'കളെ തിരിച്ചറിയണമെന്നും മൗലവി അഭിപ്രായപ്പെട്ടു." (ഗൾഫ് മാധ്യമം 2008 ഏപ്രിൽ 1, പേജ് 11).

*വഹാബീ പ്രസ്ഥാനമടക്കമുള്ള ഇസ്‌ലാമിക നവോത്ഥാന പ്രസ്ഥാനങ്ങൾ നിലവിലുള്ള സുന്നീ പ്രസ്ഥാനങ്ങളെ ശിർക്കിന്റെ പ്രതീകങ്ങളായി ഉപമിച്ചുവന്നതും വരുന്നതും പച്ചയായ യാഥാർഥ്യമല്ലേ? സലാം ബഹിഷ്കരണം പോലും ഇതിന്റെ പ്രതികാരമാക്കിയതും 'നിങ്ങൾ ഞങ്ങളെ മുശ്‌രിക്കാക്കിയില്ലേ' എന്ന ആരോപണവും നവോത്ഥാന പ്രസ്ഥാനമായ ജമാഅത്തെ ഇസ്‌ലാമി എങ്ങനെയാണ് നോക്കിക്കാണുന്നത്?*

***നസീർ പള്ളിക്കൽ റിയാദ്***

**ശി**ർക്ക്-ബിദ്അത്തുകൾക്കെതിരായ ആശയസമരം തത്ത്വരഹിതമായ ഐക്യത്തിനു വേണ്ടി ബലികഴിക്കാൻ പരിഷ്കരണ പ്രസ്ഥാനങ്ങൾക്കാവില്ല. ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ മുതൽ വക്കം അബ്ദുൽ ഖാദർ മൗലവി വരെയുള്ള പരിഷ്കർത്താക്കൾ ഐക്യം പറഞ്ഞ് അടങ്ങിയിരുന്നെങ്കിൽ മുസ്‌ലിം സമൂഹം ഇന്നും അന്ധവിശ്വാസങ്ങളുടെ ഘനാന്ധകാരത്തിൽ കഴിയുമായിരുന്നു.

എന്നാൽ വിവേകവും യുക്തിയും ഗുണകാംക്ഷയും കൈവിടാതെ വേണം പരിഷ്കരണ-സംസ്കരണ പ്രവർത്തനങ്ങൾ. ഇക്കാര്യത്തിൽ കേരളത്തിലെ ഇസ്‌ലാഹീ പ്രസ്ഥാന രംഗത്തെ ചില പണ്ഡിതന്മാർക്കും സംഘടനകൾക്കും പാളിച്ചകൾ സംഭവിച്ചിട്ടുണ്ട്. കാഫിറാക്കലും മുശ്‌രിക്കാക്കലും വെല്ലുവിളിയും പ്രകോപനവും കാളപ്പോര് മോഡൽ വാദപ്രതിവാദങ്ങളും ജീർണ പ്രസ്ഥാനങ്ങളെ വളരാനേ സഹായിക്കൂ. മിതത്വത്തിലും സംയമനത്തിലും ഊന്നിയാണ് ഇസ്‌ലാമിക പ്രസ്ഥാനം എപ്പോഴും സംസ്കരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളത്.

# മുടിവെള്ളം കുടി

■ *കാരന്തൂർ സുന്നീ മർകസിൽ പ്രവാചകന്റെ വിശുദ്ധ കേശം കാണാൻ കേരളത്തിനകത്തും പുറത്തുനിന്നുമായി ആയിരക്കണക്കിനാളുകൾ എത്തുന്നു. തിരുകേശം മുക്കിയ വെള്ളം രോഗശമനത്തിനും മറ്റുമായി ഉപയോഗിച്ചുവരുന്നു. കേരളത്തിൽ കാരന്തൂർ മർകസിലാണ് വിശുദ്ധ കേശം സൂക്ഷിച്ചുവരുന്നത്. മുജീബിന്റെ പ്രതികരണമെന്ത്?*

***റശീദ് വെളിയങ്കോട്***
***അബൂദബി***

**കാ**രന്തൂർ മർകസിലുണ്ടെന്ന് പറയുന്ന മുടി പ്രവാചകന്റേതാണെന്നതിന് തെളിവില്ല. മുടിവെള്ളം കുടിച്ചാൽ രോഗശമനം ഉണ്ടാവുമെന്നതിനും തെളിവില്ല. തെളിയുന്നത് അന്ധവിശ്വാസ മതത്തിന്റെ വിപണന സാധ്യത മാത്രം.

# കർമശാസ്ത്രത്തിലെ മുജാഹിദ് കാഴ്ചപ്പാട്

■ *"ലോകാടിസ്ഥാനത്തിൽ സലഫികൾ ഒരേ ആദർശമാണ് പിന്തുടരുന്നത് എന്ന് പറയുന്നതിന്റെ അർഥം ലക്ഷ്യത്തിലും മാർഗത്തിലുമുള്ള ഐക്യമാണ്. ഒരേ ലക്ഷ്യവും ഒരേ മാർഗവും പിന്തുടരുന്നവർക്കിടയിൽ തന്നെ ചില മസ്അലകളിൽ ഭിന്നാഭിപ്രായങ്ങൾ കണ്ടേക്കാം. തെളിവുകളുടെ ലഭ്യതയിലുള്ള ഏറ്റക്കുറവ്, ചില തെളിവുകളുടെ സ്വീകാര്യത തീരുമാനിക്കുന്നതിലും ബലാബലം നിർണയിക്കുന്നതിലും വ്യാഖ്യാന സംബന്ധമായും ഉണ്ടായേക്കാവുന്ന അഭിപ്രായ ഭിന്നതകൾ, ഗവേഷണാത്മക വിഷയങ്ങളിലെ വീക്ഷണ വ്യത്യാസങ്ങൾ എന്നിവയാണ് ഇതിന് കാരണമായിത്തീരുന്നത്. ഇതുകൊണ്ടുതന്നെ വിവിധ ഭാഗങ്ങളിലുള്ള സലഫികളും നമ്മളും തമ്മിൽ ചില വിഷയങ്ങളിൽ ഭിന്നത കണ്ടേക്കാം. അതിനർഥം അവരും നമ്മളും പിന്തുടരുന്ന സലഫീ ആദർശം വ്യത്യസ്തമാണെന്നല്ല. കേരളത്തിലെ ഇസ്‌ലാഹീ പണ്ഡിതന്മാർക്കിടയിൽതന്നെ മേൽ സൂചിപ്പിച്ച കാരണങ്ങളാൽ ചില അഭിപ്രായ വ്യത്യാസം നിലനിൽക്കുന്നില്ലേ?" (ഗൾഫ് സലഫികളും കേരളത്തിലെ ഇസ്‌ലാഹി പ്രസ്ഥാനവും, പേജ് 168, കെ.കെ സകരിയ്യാ സ്വലാഹി).*

*അതേ പുസ്തകത്തിൽതന്നെ പേജ് 172-ൽ സ്വലാഹി എഴുതുന്നു: "യഥാർഥത്തിൽ വിത്റിലെ ഖുനൂത്തിന്റെ ഹദീസ് ദുർബലമാണെന്ന ചില പണ്ഡിതന്മാരുടെ നിഗമനം സത്യമാണെന്ന് കരുതിയതുകൊണ്ടാണ് വിത്റിൽ ഖുനൂത്തില്ലെന്ന് നമ്മുടെ പണ്ഡിതന്മാർ പലരും വിശ്വസിച്ചത്. എന്നാൽ ലോകത്തിന്റെ നാനാ ഭാഗത്തുമുള്ള സലഫികൾ കരുതുന്നതുപോലെ ഈ വിഷയത്തിലുള്ള ഹദീസുകൾ സ്വഹീഹാണെന്നും അതുകൊണ്ട് വിത്റിലെ ഖുനൂത്ത് സുന്നത്താണെന്നും വിശ്വസിക്കുന്നവർ കേരളത്തിലെ മുജാഹിദുകൾക്കിടയിലുമുണ്ട്."*

*കർമശാസ്ത്ര മേഖലകളിൽ ഭിന്ന വീക്ഷണങ്ങൾ ആവാമെന്നും അതിനു സാധ്യതയുണ്ടെന്നുമൊക്കെയാണല്ലോ സകരിയ്യ സ്വലാഹി ഇവിടെ എഴുതിയിരിക്കുന്നത്. ഈ രംഗത്ത് പ്രവാചകകാലം മുതൽക്കുള്ള വീക്ഷണവ്യത്യാസങ്ങൾ ഉൾക്കൊള്ളുകയും അത് തുറന്നു പറയുകയും ചെയ്യുന്ന ജമാഅത്തെ ഇസ്‌ലാമിയുടെ നിലപാട് അഴകൊഴമ്പനും അവസരവാദപരവും. പക്ഷേ ഇതേ കാര്യം പറയുന്നത് മുജാഹിദുകളാകുമ്പോൾ 'പ്രമാണബദ്ധമായ' വർത്തമാനവും.*

*എന്താണിതിന്റെയൊക്കെ മനശ്ശാസ്ത്രം? കർമശാസ്ത്രരംഗത്തെ ഭിന്ന വീക്ഷണങ്ങളോട് ഉദാര നിലപാട് സ്വീകരിക്കുന്ന ആഗോള സലഫികളുടെയും ജമാഅത്തെ ഇസ്‌ലാമിയുടെയും സമീപനം തന്നെയാണ് മൗലികമായി കേരളത്തിലെ മുജാഹിദുകളും വെച്ചുപുലർത്തുന്നത് എന്നിരിക്കെ പിന്നെയും ഇസ്‌ലാമിക പ്രസ്ഥാനത്തെ നിരന്തരം ആക്ഷേപിക്കുകയും പരിഹസിക്കുകയുമാണല്ലോ മുജാഹിദുകൾ. ഈ അസഹിഷ്ണുതക്ക് എന്താണ് കാരണം?*

***എം.പി അബ്ദുൽ അസീസ്***
***ജിദ്ദ***

**ആ**ർക്കായാലും സംഘടനാ പക്ഷപാതം തലക്കു പിടിച്ചാൽ സത്യം കാണാൻ കണ്ണില്ലാതെ പോവും. അല്ലാഹു കണ്ണ് തുറപ്പിക്കട്ടെ എന്ന് പ്രാർഥിക്കാം. ■